ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

DTETVM/11517/2024-EC5 (EC) 14-01-2025

## പരിപത്രം .നം 02/2025

വിഷയം:- വിദ്യാഭ്യാസം സാങ്കേതികം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം -2025 പൊതു സ്ഥലം മാറ്റം -പ്രത്യേക പരിഗണന ലഭിക്കേണ്ട ജീവനക്കാർ / അസ്സോസിയേറ്റ് എൻ സി സി ഓഫീസർ ചാർജ്ജ് വഹിക്കുന്ന ജീവനക്കാർ എന്നിവരുടെ ഇത് സംബന്ധിച്ച രേഖകൾ -അയച്ചുതരുന്നത് സംബന്ധിച്ച്

സൂചന :- 1)25-02-2017 ലെ സ.ഉ.(പി) നം.03/2017/ഉഭപവ.
2)26/11/24 ലെ എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറലിൻ്റെ 6223/പി2-പബ്/2024/എൻ.സി.സി.

അസ്സോസിയേറ്റ് എൻ സി സി ഓഫീസർ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് 10 വർഷത്തെ ട്രാൻസ്ഫർ പ്രൊട്ടക്ഷൻ ഉള്ളതിനാൽ സ്പാർക്ക് മുഖേന യുള്ള പൊതുസ്ഥലമാറ്റം സോഫ്റ്റ് വെയറിൽ ട്രാൻഫർ പ്രൊട്ടക്ഷൻ യഥാസമയം രേഖപ്പെടുത്തുന്നതിനുള്ള ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തുന്നതിനായും, 25-02-2017 ലെ സ.ഉ(പി) നം.03/2017ഉ.ഭപവ ഉത്തരവിലെ അനുബന്ധത്തിൽ പരാമർശിക്കുന്ന പ്രത്യേക പരിഗണന ലഭിക്കേണ്ട ജീവനക്കാർ ആയത് ലഭിക്കുന്നതിനായും ഉള്ള അപേക്ഷകൾ തങ്ങളുടെ അവകാശം (claim) സ്ഥിരീകരിക്കുന്ന രേഖകളും നിർദ്ദിഷ്ട തീയതിക്ക് മുൻപായി സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതും . സ്ഥാപന മേധാവിയുടെ അഭിപ്രായത്തോടും അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളോടൊപ്പം അപേക്ഷ 15-02-2025 ന മുൻപായി ഈ കാര്യാലയത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ കൈകൊള്ളേണ്ടതാണ്. അസ്സോസിയേറ്റ് എൻ സി സി ഓഫീസർ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാപന മേധാവി ചാർജ്ജ് നല്കിയ ഉത്തരവിൻറെ പകർപ്പ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ നിർദിഷ്ട തീയതിക്ക് മുൻപായി ടി കാര്യാലയത്തിൽ എത്തിക്കുന്നതിന് സ്ഥപനമേധാവികൾ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. കരട് പ്രസിദ്ധപ്പെടുത്തിയ ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ ടി കാര്യാലയത്തിലേയ്ക്ക് സമയബന്ധിതമായി അയക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥപനമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

Signed by
Shalij P R
Date: 14-01-2025 09:16:11

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).